**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണത്തിനുള്ള നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഇപ്പോൾ നൽകി വരുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഇപ്പോൾ നൽകി വരുന്ന നിരക്ക് ചുവടെ ചേർക്കുന്നു.<br><br>സ്ലാബ് 1 – 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ലാബ് 2 - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ലാബ് 3 – 500ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ |
| (ബി) | വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് അവസാനമായി പുതുക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 സെപ്റ്റംബർ 5 നാണ് നിരക്ക് അവസാനമായി പുതുക്കിയത് |
| (സി) | പൊതു വിപണിയിൽ ഭക്ഷ്യ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനായി നിശ്ചയിച്ച നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | പൊതുവിപണിയിൽ ഭക്ഷ്യസാധന ങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | 2012 ന് ശേഷം പൊതു വിദ്യാലയങ്ങളിൽ ആരംഭിച്ച പ്രീപ്രൈമറിയിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷക ആഹാരം നൽകുന്നതിനുള്ള പദ്ധതിയിൽ നിലവിൽ സർക്കാർ തുക വകയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | സമഗ്ര ശിക്ഷാ കേരളയുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതും കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമായ സർക്കാർ/ എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾക്കും കൂടി ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ